Keralakaumudi Weekly, June 9 2001
Vol 5 No 25 p31

# സാന്ത്വനം തരുന്ന ഒരു ടെലിഫോൺ

രാത്രി ഒരു മണി.

'ഇരുണ്ട നിശ്ശബ്ദതയ്ക്ക് നടുവിൽ, ഒരു നടുക്കം പോലെ ആ ടെലിഫോൺ ശബ്ദിച്ചു.

നേർത്തു വിളറിയ ഒരു ശബ്ദമാണ് അങ്ങേത്തലയ്ക്കൽ:

'ത്രാണി'യല്ലേ?'

'അതെ.'

'എന്നെ എങ്ങനെയെങ്കിലും ഒന്നു രക്ഷിക്കുമോ? ആത്മഹത്യയല്ലാതെ എനിക്കിനി വഴിയില്ല. ഞാൻ അത് തീരുമാനിച്ചുകഴിഞ്ഞു.'

സാന്ത്വനത്തിന്റെ ശബ്ദം തിരിച്ചു ചോദിച്ചു: 'എന്തുപറ്റി പെട്ടെന്ന്?'

'ഞാൻ പരീക്ഷയിൽ തോറ്റു. എല്ലാവരും എന്നെ കുറ്റപ്പെടുത്തുന്നു.'

ഇക്കഴിഞ്ഞ എസ്.എസ്.എൽ.സി. പരീക്ഷാ റിസൽട്ട് വന്ന ദിവസം തിരുവനന്തപുരത്തെ 'ത്രാണി'യിലേക്ക് വന്ന നൂറുകണക്കിന് ടെലിഫോൺ വിളികളിലൊന്ന്.

'ത്രാണി' സാന്ത്വനത്തിന്റെ അഭയതീരമാണ്. പരീക്ഷകളിൽ പരാജയം രുചിക്കേണ്ടി വരുമ്പോൾ മാത്രമല്ല, പ്രണയ ബന്ധങ്ങൾ തകരുമ്പോൾ, സാമ്പത്തിക പ്രശ്നങ്ങൾ അലട്ടുമ്പോൾ, മാരകരോഗങ്ങൾക്ക് മുന്നിൽ മുന്നിലല്ലാതാകുമ്പോൾ, കുടുംബ പ്രശ്നങ്ങൾ കുരുക്കുകൾ തീർക്കുമ്പോൾ, പിന്നെ ഒരു കാരണവുമില്ലാത്ത നിരാശയിൽ മനസ്സ് മടുക്കുമ്പോൾ..... 'ത്രാണി'യിലെ ടെലിഫോൺ ശബ്ദിച്ചുകൊണ്ടേയിരിക്കുകയാണ്.

ആരോടെങ്കിലും ഒന്നു മനസ്സു തുറന്ന് സംസാരിച്ചാൽ തീരാവുന്നതേയുള്ളൂ പലരുടേയും പ്രശ്നങ്ങൾ. പക്ഷേ, ആരോട്? അതിനുള്ള മറുപടിയാണ് തിരുവനന്തപുരം ഇന്നർ ആശുപത്രിക്ക് സമീപമുള്ള ത്രാണി (സെന്റർ ഫോർ ക്രൈസിസ് കൺട്രോൾ). പ്രശ്നം എന്തുമാകട്ടെ, പ്രായഭേദമില്ലാതെ ആർക്കും എപ്പോഴും ഇവിടെ കയറിച്ചെല്ലാം. കിട്ടുന്നത് വെറും ഉപദേശങ്ങളല്ല. ജീവിതത്തിലേക്കുള്ള കടക്കവഴി തന്നെയാണ്.

മൂന്നുവർഷം മുമ്പാണ് 'ത്രാണി' പ്രവർത്തനമാരംഭിച്ചത്. ടെലിഫോൺ കൗൺസിലിംഗ് തുടങ്ങിയത് രണ്ടുവർഷം മുമ്പ്. പരീക്ഷാഫലങ്ങൾ പ്രസിദ്ധീകരിക്കുന്ന അവസരത്തിലാണ് ആത്മഹത്യാശ്രമങ്ങളുടെയും ആത്മഹത്യകളുടെയും പരമ്പര ഏറ്റുന്നത്. പരീക്ഷാഫലങ്ങൾ, പ്രത്യേകിച്ച് എസ്.എസ്.എൽ.സി. ഫലം പ്രസിദ്ധീകരിക്കുമ്പോൾ 'ത്രാണി' കൂടുതൽ ഉദ്യോഗസ്ഥമാകും. ഈ ദിവസങ്ങളിൽ 24 മണിക്കൂറും ടെലിഫോൺ കൗൺസിലിംഗ് ലഭ്യമാണ്.

ഇപ്രാവശ്യം എസ്.എസ്.എൽ.സി. ഫലപ്രഖ്യാപനത്തിനു ശേഷം മൂന്നു ദിവസംകൊണ്ട് 'ത്രാണി'യിലേക്ക് വന്ന ഫോൺകോളുകളുടെ എണ്ണം മുവായിരമാണ്. വിദ്യാർത്ഥികൾ മാത്രമല്ല, മാതാപിതാക്കളും ബന്ധുക്കളുമെല്ലാം വിദ്യാർത്ഥികളുടെ പരിഭ്രമം പങ്കുവയ്ക്കാൻ ഒപ്പം എത്താറുണ്ട്.

വിഷാദത്തിന് അടിപ്പെടുന്നതാണ് പലരുടേയും പ്രശ്നങ്ങൾക്ക് കാരണം. മൂന്നുവർഷം മുമ്പ് ത്രാണി തുടങ്ങുമ്പോൾ കൗൺസലിംഗ് സെന്ററിനെ സമീപിക്കാൻ പല മാതാപിതാക്കൾക്കും മടിയായിരുന്നു. തങ്ങളുടെ കുട്ടികൾക്ക് എന്തെങ്കിലും മാനസിക പ്രശ്നമുണ്ടെന്ന് അംഗീകരിക്കാൻ മിക്ക മാതാപിതാക്കൾക്കും മടിയാണെന്ന് 'ത്രാണി'യുടെ കോ-ഓർഡിനേറ്ററും മനോരോഗ വിദഗ്ദ്ധയുമായ ഡോ. എലിസബത്ത് വടക്കേക്കര പറയുന്നു.

പരീക്ഷയുടെ പരിഭ്രാന്തിയകറ്റാൻ മാത്രമല്ല, കുടുംബപ്രശ്നങ്ങളും 'ത്രാണി'യുടെ മുന്നിലെത്തുന്നു. ആത്മഹത്യാപ്രതിരോധം, എച്ച്. ഐ.വി. രോഗികൾക്കും മയക്കുമരുന്നിന് അടിപ്പെട്ടവർക്കുമുള്ള കൗൺസലിംഗ്, ബോധവത്കരണ പരിപാടികൾ ഇവയെല്ലാം 'ത്രാണി'യുടെ പ്രവർത്തനത്തിലുൾപ്പെടുന്നു.

സേവനം മാത്രം ലക്ഷ്യമാക്കിയ ഒരു സംഘം കൗൺസലർമാരുടെയും സന്നദ്ധ പ്രവർത്തകരുടെയും സംരക്ഷണാണ് 'ത്രാണി'. ആശ്വാസംതേടി വരുന്നവർക്ക് പ്രായോഗിക ജീവിതത്തിനുള്ള ഉപദേശങ്ങൾ നൽകുകയും ആവശ്യമെങ്കിൽ ആശുപത്രി ചികിത്സ ലഭ്യമാക്കുകയുമാണ് 'ത്രാണി' ചെയ്യുന്നത്.

ആരോടെങ്കിലും ഈ സങ്കടങ്ങളൊക്കെ ഒന്നു പറയാനായിരുന്നെങ്കിൽ എന്ന് എപ്പോഴെങ്കിലും തോന്നിയിട്ടുണ്ടോ? ആത്മഹത്യ ചെയ്യണമെന്ന് പോലും തോന്നുന്നുണ്ടോ? ഇതാ 'ത്രാണി'യുടെ ടെലിഫോൺ നമ്പർ: 300333. സംസ്ഥാന എയ്ഡ്സ് കൺട്രോൾ സൊസൈറ്റിയുടെയും ആരോഗ്യവകുപ്പിന്റെയും നേതൃത്വത്തിൽ പ്രവർത്തിക്കുന്ന 'ത്രാണി'യിലെ കൗൺസലിംഗ് പൂർണ്ണമായും സൗജന്യമാണ്.

**സരിത**